സഹകരണ മേഖല എൻ.സി.ഡി.സി.ക്ക് സമർപ്പിച്ച പ്രോജക്ടുകൾ

11(2263) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന സർക്കാർ എൻ.സി.ഡി.സി.-ക്ക് എന്തുതുക തിരിച്ചടച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) തിരിച്ചടവ് ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾ തയ്യാറാക്കി എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുന്നതിന് സഹകരണ വകുപ്പിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) ഈ സാമ്പത്തിക വർഷം ഇതുവരെ ഇത്തരത്തിൽ എത്ര പ്രോജക്ടുകൾ സമർപ്പിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) തിരിച്ചടവ് ഉറപ്പ് വരുത്തിയ പ്രോജക്ടുകളാണ് എൻ.സി.ഡി.സി.-ക്ക് സമർപ്പിച്ചുവരുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സഹകരണ സംഘങ്ങളിലെ വായ്പാ-നിക്ഷേപ പലിശനിരക്കുകൾ

12 (2264) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നടത്തുന്ന നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണസംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്ന പരമാവധി പലിശ നിരക്ക് എത്രയാണ് ;

(സി) സഹകരണ സംഘങ്ങൾ കൊടുക്കുന്ന വായ്പകളുടെ പരമാവധി പലിശ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിവിധ പൊതുമേഖലാ ബാങ്കുകളും വാണിജ്യ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശ നിരക്ക് സഹകരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും, സഹകരണ വകുപ്പു സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും സംസ്ഥാന സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിന്റെ പ്രസിഡിന്റും മാനേജിംഗ് ഡയറക്ടറും ജില്ലാ സഹകരണ ബാങ്കുകളുടെ പ്രസിഡന്റുമാരും ജനറൽ മാനേജർമാരും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രധിനിധികളും അംഗങ്ങളായ സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് അവലോകനം നടത്തി ടി സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് കൈക്കൊള്ളുന്ന തീരുമാന പ്രകാരമാണ് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിക്കുന്നത്.

(ബി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പരമാവധി പലിശ നിരക്ക് ശതമാനകണക്കിൽ ചുവടെ പറയുന്നു :

നിക്ഷേപങ്ങളുടെ കാലാവധി	കേരള സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്കുകൾ	പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ
15 ദിവസം മുതൽ 45 ദിവസം വരെ	4.50	4.75	5.00
46 ദിവസം മുതൽ 90 ദിവസം വരെ	5.00	5.25	5.50
91 ദിവസം മുതൽ 179 ദിവസം വരെ	6.75	7.00	7.25
180 ദിവസം മുതൽ 364 ദിവസം വരെ	8.00	8.25	8.50
1 വർഷവും അതിനു മേലും	9.00	9.25	9.50

മേൽ പരാമർശിച്ച കാലാവധിയിലുള്ള നിക്ഷേപങ്ങൾക്കു പുറമേ കേരള സംസ്ഥാന സഹകരണ ബാങ്കിലും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും 13-1-2011 മുതൽ 28-2-2011 വരെയുള്ള കാലയളവിൽ നടത്തുന്ന 100 പൂർണ്ണ ദിവസം കാലാവധിക്കുള്ള നിക്ഷേപങ്ങൾക്ക് 9 ശതമാനം നിരക്കിലും 300 പൂർണ്ണ ദിവസം കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 9.50 ശതമാനം നിരക്കിലും പലിശ നൽകുന്നതാണ്. മേൽ പരാമർശിച്ചിട്ടുള്ള നിക്ഷേപ പദ്ധതികളിൽ മുതിർന്ന പൗരൻമാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് ½ ശതമാനം നിരക്കിൽ അധിക പലിശ നൽകുന്നതാണ്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിലുള്ള പലിശ ജില്ലാ സഹകരണ ബാങ്കുകൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ പലിശ നിരക്ക് 7 ശതമാനമാണ്. സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും നൽകുന്ന കാർഷിക വായ്പകളുടെയും കാർഷിക അനുബന്ധ വായ്പകളുടെയും പരമാവധി പലിശ നിരക്ക് ശതമാന കണക്കിൽ ചുവടെ ചേർക്കുന്നു :

വായ്പാ ഇനം	വായ്പാ പരിധി	കേരള സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്ക്	പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ
(1)	(2)	(3)	(4)	(5)
വിവാഹ വായ്പ	50,000 രൂപ വരെ	9.00	9.00	9.00
	50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ വരെ	10.00	10.00	10.00
	1 ലക്ഷം രൂപയ്ക്ക് മുകളിൽ	13.00	13.00	13.00
ചികിത്സാ വായ്പ	50,000 രൂപ വരെ	9.00	9.00	9.00
	50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ വരെ	10.00	10.00	10.00
വീട്	2 ലക്ഷം രൂപ വരെ	11.00	11.00	11.00
മെയിന്റനൻസ് വായ്പ	2 ലക്ഷം രൂപയ്ക്ക് മുകളിൽ	13.00	13.00	13.00
കൺസ്യൂമർ വായ്പ		13.00	13.00	13.00
വിദേശത്ത് ജോലിക്ക് പോകുന്നതിനുള്ള വായ്പ	...	13.00	13.00	13.00
വാഹന വായ്പ		13.00	13.00	13.00
ക്യാഷ് ക്രെഡിറ്റ്/ ഓവർ ഡ്രാഫ്റ്റ്		13.00	13.00	14.00
ഭവനനിർമ്മാണ വായ്പ	1.50 ലക്ഷം രൂപ വരെ	8.50	8.50	8.50

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
	1.50 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം രൂപ വരെ	11.00	11.00	11.00
	5 ലക്ഷം രൂപയ്ക്കു മുകളിൽ 10 ലക്ഷം രൂപ വരെ	12.00	12.00	12.00
	10 ലക്ഷം രൂപയ്ക്കു മുകളിൽ	13.00	13.00	13.00
പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ അതിർത്തിയിൽ 3 സെന്റ് ഭൂമി വരെ ഉള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള വായ്പ	50,000 രൂപ വരെ	10.00	10.00	10.00
ഇ.എം.എസ്. പദ്ധതി പ്രകാരവും കുടുംബശ്രീ പദ്ധതി പ്രകാരവും വീട് വയ്ക്കുന്നതിനുള്ള വായ്പ	50,000 രൂപ വരെ	10.00	10.00	10.00
മോർട്ട്ഗേജ്/				
മുന്ധത്ത് വാങ്ങാൻ സാധാരണ വായ്പ	...	13.00	13.00	13.00
ബിസിനസ് ട്രേഡേഴ്സ് വായ്പ	...	13.00	13.00	13.00
വ്യവസായ വായ്പ	...	13.00	13.00	13.00
	1 ലക്ഷം രൂപ വരെ	9.00	9.00	9.00
സ്വയം തൊഴിൽ വായ്പ	1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെ	12.00	12.00	12.00
	3 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം രൂപ വരെ	12.00	12.00	12.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
കുടുംബ ശ്രീക്കുള്ള വിവിധ ഇനം വായ്പകൾ	...	9.00	9.00	9.00
വിദ്യാഭ്യാസ വായ്പ	...	10.00	10.00	10.00
സ്വർണ്ണപണയ വായ്പ	2 ലക്ഷം രൂപ വരെ	12.00	12.00	12.00
	2 ലക്ഷം രൂപയ്ക്ക് മുകളിൽ	13.00	13.00	13.00
	50,000 രൂപവരെ	7.00	7.00	7.00
ഭൂമി ഇല്ലാത്ത വർക്ക് വീട് വയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനുമുള്ള വായ്പ	50,000 രൂപയ്ക്കു മുകളിൽ 1 ലക്ഷം വരെ	9.00	9.00	9.00
	1 ലക്ഷം രൂപയ്ക്കു മുകളിൽ 3 ലക്ഷം രൂപ വരെ	10.00	10.00	10.00
	3 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം രൂപ വരെ	12.00	12.00	12.00
	5 ലക്ഷം രൂപയ്ക്കു മുകളിൽ	13.00	13.00	13.00
വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ	സഹകരണ സ്ഥാപനങ്ങൾക്ക്	9.00	9.00	9.00
	ഇതര സ്ഥാപനങ്ങൾക്ക്	12.00	12.00	12.00
	കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ	8.75	8.75	8.75
ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള വായ്പ	...	13.00	13.00	13.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
മംഗല്യസൂത്ര വായ്പ	–	4.00	4.00	4.00
കോഴി/താറാവ് മത്സ്യം വളർത്തുന്നതിനുള്ള വായ്പ	1 ലക്ഷം രൂപ വരെ 300 ദിവസ കാലാവധിക്ക്	10.00	10.00	10.00
ആട്/മാട് വളർത്തുന്നതിനുള്ള വായ്പ	3 ലക്ഷം രൂപ വരെ 3 വർഷ കാലാവധിയ്ക്ക്	10.00	10.00	10.00

സഹകരണസംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം

13(2265) ശ്രീ. എം. എം. മോനായി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എത്ര സഹകരണ സ്ഥാപനങ്ങളിൽ ഇതിനകം ലൈബ്രറി ആരംഭിച്ചിട്ടുണ്ട് ;

(സി) സാഹിത്യ പ്രവർത്തക സഹകരണസംഘത്തിൽ നിന്നും എത്ര രൂപയ്ക്കുള്ള പുസ്തകങ്ങൾ ലൈബ്രറികളിലേക്ക് വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ലൈബ്രറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി ലൈബ്രറി കോൺഗ്രസ് മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) സഹകരണ ലൈബ്രറികൾ സംസ്ഥാന ലൈബ്രറി കൗൺസിലിനോട് അഫിലിയേറ്റു ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സഹകരണ ലൈബ്രറികൾക്ക് സഹകരണ വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly